കേരള സർക്കാർ

# മണീട് ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)*

നം.കെ.എസ്.എ.-ഇകെഎം(പി.6)2340/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി :08.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണീട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- മണീട് ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണീട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

## എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചതിന് ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ജയ സി. ആർ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 05.11.2018 മുതൽ 17.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സുരേഷ് എസ്.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ അജിമോൻ പി. പി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(12.11.2018 മുതൽ) |
| | ശ്രീ ഹരീഷ് ബാബു എൻ.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജീവ് ആർ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി ശോഭ ഏലിയാസ് | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീ ജോസഫ് വി.ജെ. | 1.4.2017 | 31.3.2018 |
| സെക്രട്ടറി | ശ്രീ യു.കെ.സുരേന്ദ്രൻ | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി പ്രസന്ന എസ്.ടി | 1.4.2017 | 31.3.2018 |

.

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി കെ.കെ.ലേഖ | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അഞ്ജന എം.എ. | 1.4.2017 | 13.7.2017 |
| | ഡോ.അമ്പിളി ആർ.നായർ | 14.7.2017 | 16.7.2017 |

| | | | |
|---|---|---|---|
| | ഡോ.ഗ്രേസ് മേരി പോൾ | 17.7.2017 | 4.8.2017 |
| | ഡോ.ഡാലിയ ഡി.എസ്. | 5.8.2017 | 5.8.2017 AN |
| | ഡോ. ഗ്രേസ് മേരി പോൾ | 6.8.2017 | 28.8.2017 |
| | ഡോ. ഡാലിയ ഡി.എസ്. | 29.8.2017 | 13.9.2017 |
| | ഡോ. അമ്പിളി ആർ. നായർ | 14.9.2017 | 2.1.2018 |
| | ഡോ. ചന്ദ്രശേഖർ എൻ. | 3.1.2018 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിനി കെ.ബി. | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജയിംസ് പി. ജോയ് | 1.4.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി രാജേശ്വരി വി.എൻ. | 1.4.2017 | 31.3.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മണീട്) | ശ്രീമതി ലിൻഡ ഡിക്രൂസ് | 1.4.2017 | 31.3.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഏഴക്കരനാട്) | ശ്രീ രാജേഷ് കുമാർ ഇ.പി. | 1.4.2017 | 31.3.2018 |
| വെറ്ററിനറി സർജൻ | ഡോ.ശ്രീലക്ഷ്മി പി. എം. | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി മാഘ്ന. ടി.കെ. | 1.4.2017 | 31.3.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജയ പി.ആർ | 1.4.2017 | 31.3.2018 |
| ഹെഡ്മിസ്ട്രസ്, GUPS മണീട് | ശ്രീമതി മോളി കെ. എം. | 1.4.2017 | 31.3.2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | <u>ഭാഗം – 1</u> | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം - 2 | |
| 14 | തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ | 2-1 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 16 | തൊഴിൽ നികുതി,കോമ്പൌണ്ടിംഗ് ഫീസ് എന്നിവ ഈടാക്കാതിരുന്നത് സംബന്ധിച്ച് | 2-3 |
| 17 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല | 2-4 |
| | ഭാഗം - 3 | |
| 18 | ഗ്രന്ഥശാല ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല | 3-1 |
| 19 | വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ് ചാർജ് അധികം നൽകി | 3-2 |
| 20 | കടത്തുവള്ളം ഉപയോഗിക്കുന്നതിലെ അപാകത സംബന്ധിച്ച് | 3-3 |
| 21 | യു.പി.സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം - ടെണ്ടർ പ്രകാരമുള്ള വാറണ്ടി ഉറപ്പുവരുത്തിയില്ല | 3-4 |
| 22 | ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത കടവ് പുനർ നിർമ്മിച്ചതിന് 11.17 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു | 3-5 |
| 23 | കാലി വീപ്പയുടെ വില ഈടാക്കിയില്ല | 3-6 |
| 24 | റീഇൻഫോഴ്സ്മെന്റിന്റെ ഭാരം തെറ്റായി കണക്കാക്കിയത് അധികച്ചെലവിനിടയാക്കി. | 3-7 |
| 25 | കൂടുതൽ കനത്തിൽ തറ കോൺക്രീറ്റ് ചെയ്തിരിക്കുന്നത് അധിക ചെലവിനിടയാക്കി. | 3-8 |
| 26 | പഴയ പഞ്ചായത്ത് ഓഫീസിന്റെ വെള്ളക്കരം- അധിക തുക നല്കുന്നു | 3-9 |
| 27 | കരാറുകാരന് തുക നൽകിയപ്പോൾ ആദായ നികുതി ഈടാക്കിയില്ല. | 3-10 |
| 28 | ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ്- മതിയായ തുക വകയിരുത്തുന്നില്ല | 3-11 |
| 29 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (വനിത)- പദ്ധതിയിൽ നിന്ന് പിൻമാറയവരുടെ വിഹിതം തിരികെ ഈടാക്കേണ്ടതാണ്. | 3-12 |

| | | |
|---|---|---|
| 30 | ക്ഷീരോത്പാദനം വർദ്ധിപ്പാക്കുവാനാവശ്യമായ പ്രോജക്ടുകൾ നടപ്പാക്കുന്നില്ല | 3-13 |
| 31 | തെരുവ് വിളക്കുകളുടെ പരിപാലനം-കെ.എസ്.ഇ.ബിയിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിട്ടിയില്ല. | 3-14 |
| 32 | അങ്കണവാടി പൂരകപോഷകാഹാരം- കേന്ദ്ര വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല | 3-15 |
| 33 | ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ- മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-16 |
| 34 | കുടിവെള്ള വിതരണം - നടപടി ക്രമങ്ങൾ പാലിച്ചില്ല | 3-17 |
| 35 | ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി പിൻവലിച്ചു | 3-18 |
| 36 | തൊഴിൽ രഹിത വേതനം സംബന്ധിച്ച് | 3-19 |
| 37 | വിനിയോഗ വിവരം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-20 |
| 38 | മരുന്നുവാങ്ങൽ - തുക മുൻകൂർ അടവാക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല | 3-21 |
| | ഭാഗം - 4 | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2017-18 | അനുബന്ധം.1 |
| 50 | ബാലൻസ് ഷീറ്റ് – 2017-18 | അനുബന്ധം.2 |
| 51 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2017-18 | |
| 52 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2017-18 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.2017 ലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.03.2018 ലെ 1(2)തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 15.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 19.6.2018 & 20.6.2018 | കെ എസ് എ-ഇ കെ എം (പി ജി)1786(43)/2018, 30.08.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2104635.05 |
| വരവ് | 61700967.00 |
| ആകെ | 63805602.05 |
| ചെലവ് | 54228252.00 |
| നീക്കിയിരിപ്പ് | 9577350.05 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9588000 | 9588000 | 9588000 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6653934 | 6653934 | 6653934 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 2998 | 2998 | 2998 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 13088000 | 13088000 | 13088000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 2591000 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4503501 | 4503501 | 4503501 | 0 |

| | | | | | |
|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി | | 743047 | 743047 | 743047 | 0 |
| സാക്ഷരത | 1641.50 | - | 1641.50 | - | 1641.50 |
| ദുരിതാശ്വാസ നിധി | 15070 | 109430 | 124500 | 2000 | 122500 |
| എം.എൻ ആർ.ഇ.ജി.എസ്. | 1791 | 818852 | 820643 | 818293 | 2350 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 688550 | 544475 | 1233025 | 554893 | 678132 |
| KGB Life housing scheme | 0 | 1000 | 1000 | - | 1000 |
| ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ചർ | 0 | 9959403 | 9959403 | 1948940 | 8010463 |
| Special Fund | 0 | 6366 | 6366 | - | 6366 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 203219 | 7629553 | 7832772 | 7451794 | 380978 |
| തനത് ഫണ്ട് | 1882913.55 | 4115389.00 | 6028302.55 | 4976251.00 | 1052051.55 |
| ബി. ഫണ്ട് | 0 | 31551480 | 31551480 | 31551480 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 133 | 40599538 | 119 | 37170480 | 6 | 8 | 89.47 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1791 | 818852 | 820643 | 818293 | 2350 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 18642651 | 18642651 | 18642651 | 0 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 38280 | 65 |
| കർഷകത്തൊഴിലാളി പെൻഷൻ | 4967900 | 420 |
| വിധവാപെൻഷൻ | 6377900 | 539 |
| വാർദ്ധക്യകാല പെൻഷൻ | 17168600 | 1343 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2441600 | 215 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 527200 | 46 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2018 ന് അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3141 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. തൊഴിൽ നികുതി

ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ എല്ലാ സ്ഥാപനങ്ങളും തൊഴിൽനികുതി അടവാക്കിയെന്ന് പരിശോധിക്കുവാൻ കഴിയില്ല. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഡെപ്പോസിറ്റ് തിരികെ നൽകുന്നത്

ഡെപ്പോസിറ്റുകൾ തിരികെ നൽകുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഒരിക്കൽ തിരികെ നൽകിയ ഡെപ്പോസിറ്റ് തുകകൾ വീണ്ടും നൽകുവാൻ സാധ്യതയുണ്ട്. ആയതിനാൽ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. തെരുവു വിളക്കുകൾ

തെരുവു വിളക്കുകളുടെ കണക്കുകൾ പഞ്ചായത്തിൽ കൃത്യമായി സൂക്ഷിക്കുന്നില്ല. ഓരോ വാർഡിലേയും തെരുവുവിളക്കുകളുടെ തരംതിരിച്ചുള്ള കണക്കുകൾ പ്രത്യേകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതു പോലെതന്നെ അറ്റകുറ്റ പണികൾ നടത്തുമ്പോൾ ആയത് ഏതെല്ലാം സ്ഥലത്താണെന്നത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. മോണിറ്ററിംഗ്

ഏതൊരു പ്രൊജക്റ്റിന്റേയും ജയപരാജയങ്ങൾ വിലയിരുത്തുന്നത് കൃത്യമായ മോണിറ്ററിംഗിലൂടെയാണ്. പഞ്ചായത്തിലെ പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് കൃത്യമായി നടപ്പിലാക്കുന്നില്ല. ഉദാഹരണത്തിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രൊജക്റ്റുകളിൽ കൃത്യമായി മോണിറ്ററിംഗ് നടത്തുന്നില്ല. പ്രൊജക്റ്റുകളിൽ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്.

5. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162.1.എ (iii) പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുൾപ്പെടുന്ന സേവന മേഖലകൾ പട്ടികജാതി പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടേയും വികസനം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമ്മാർജനം, പൊതു വിതരണം എന്നിവയാണ്. പെൻഷൻ/വിവാഹധനസഹായം എന്നിവയിൽ ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് അംഗീകാരം നൽകുന്നതിനായാണ് കമ്മിറ്റി കൂടുതലായും യോഗം ചേർന്ന് കാണുന്നത്. മറ്റു വിഷയങ്ങളിൽ നാമമാത്രമായ തീരുമാനങ്ങൾ മാത്രമേ കമ്മിറ്റി എടുത്തതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 25.10.2018 | 09/2018 | 03.11.2018 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.2.2016 മുതൽ 16.2.2016 വരെ | 2010-11മുതൽ 2014-15വരെ | 11.4.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഈ ഓഫീസിലെ കെ.എസ്.എ-ഇ.കെ.എം.(പിജി)1786(43)/2018 തീയതി 30.08.2018 നമ്പരായി ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അപാകതകൾ ചുവടെ ചേർക്കുന്നു.

ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിച്ചിട്ടുള്ള എല്ലാ അക്കൗണ്ടുകളുടെയും നീക്കിയിരിപ്പ് RP 40(b)യിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ RP 40(b) യിൽ കാണിച്ചിരിക്കുന്ന KGB Life housing scheme, SBT Internet Banking Special Fund എന്നിവ ബാലൻസ് ഷീറ്റിലും കാണിച്ചിട്ടില്ല. കൂടാതെ മുൻകൂറായി പിരിച്ചെടുത്ത തുകകളും ബാധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിരനിക്ഷേപം അക്കൗണ്ട്സിലെ ബാലൻസ് ഷീറ്റിലും RP 40(b)യിലും കാണിച്ചിട്ടില്ല.

## 1-13 ഓഡിറ്റ് ഇംപാക്ട്

റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വില ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരിൽ നിന്നും 63750/- രൂപയും തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ ആദായ നികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 2378/- രൂപയും കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതി നിർണ്ണയത്തിലെ പോരായ്മ തനത് വരുമാനം കുറയാനിടയാക്കി

മണീട് ഗ്രാമപഞ്ചായത്തിന്റെ 10.11.2011 ലെ രണ്ടാം നമ്പർ തീരുമാനവും 28.06.16 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ രണ്ടാം നമ്പർ തീരുമാനവും പ്രകാരം വസ്തു നികുതി നിരക്ക് നിശ്ചയിച്ചപ്പോൾ താഴെപ്പറയുന്ന ഇനങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ച സ്ലാബിലെ ഏറ്റവും കുറഞ്ഞ നിരക്കാണ് ബാധകമാക്കിയത്. ഇങ്ങനെ ഏറ്റവും കുറഞ്ഞ നിരക്കുകൾ ബാധകമാക്കിയതു മൂലം പഞ്ചായത്തിന്റെ തനത് വരുമാനം വളരെ കുറവാണ്. 14.01.11 ലെ സർക്കാർ ഉത്തരവ് നം.19/2011/ത.സ്വ.ഭ.വ, 24.02.15ലെ സർക്കാർ ഉത്തരവ് നം.36/2015 /ത.സ്വ.ഭ.വ. എന്നിവ പ്രകാരമുള്ള വസ്തു നികുതിയുടെ സ്ലാബും മണീട് ഗ്രാമപഞ്ചായത്ത് മേൽത്തീരുമാനങ്ങൾ പ്രകാരം നിശ്ചയിച്ച നികുതിയും താഴെച്ചേർക്കുന്നു.

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപ വിഭാഗങ്ങളുടെയും വിവരണം | ചുമത്താവുന്ന വസ്തു നികുതി | മണീട് പഞ്ചായത്ത് നിശ്ചയിച്ച നികുതി |
|---|---|---|---|
| 1 | വാണിജ്യ ആവശ്യത്തിനുള്ളവ<br>i. 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ ഗോഡൌൺ | 30-60 | 30 |
| | ii.100 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ | 50-70 | 50 |

| | | | |
|---|---|---|---|
| | ഗോഡൌൺ | | |
| | iii. 200ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 30-60 | 30 |
| | iv. 200ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 70-90 | 70 |
| | v.ബങ്കുകൾ, പെട്ടിക്കടകൾ, കംപ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷൻ | 30-60 | 30 |
| 2 | ആഫീസ് ഉപയോഗത്തിനുള്ളവ | 30-50 | 30 |
| 3 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ , ഓഡിറ്റോറിയം, സിനിമാ തീയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | 20-40 | 20 |
| 4 | വ്യവസായ ആവശ്യത്തിനുള്ള ഷെഡ്ഡുകൾ ( കൈത്തറി, കയർപിരി, കശുവണ്ടി ഫാക്ടറി, മത്സ്യ സംസ്കരണം, കോഴി വളർത്തൽ, ലൈവ് സ്റ്റോക്ക്, കരകൌശലം, പട്ടുനൂൽ പുഴു, സ്റ്റോറേജ്, പീലിംഗ്, കൈത്തൊഴിൽ, ഇഷ്ടിക ചൂള, തടിമിൽ | 10-20 | 10 |
| | ഇതര വ്യവസായങ്ങൾ | 40-60 | 40 |
| 5 | റിസോർട്ടുകൾ | 80-90 | 80 |
| 6 | അമ്യൂസ്മെന്റ് പാർക്ക് | 20-40 | 20 |
| 7 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30-60 | 30 |
| 8 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150-160 | 150 |

വരവിനേക്കാൾ കൂടുതൽ ചെലവു വരുന്നതിനാൽ ഗ്യാപ് ഫണ്ട് ലഭിക്കുന്ന, പഞ്ചായത്തുകളിലൊന്നാണ് മണീട് ഗ്രാമപഞ്ചായത്ത്. പല പ്രോജക്ടുകൾക്കും ആവശ്യമായ തുക വകയിരുത്താനും പഞ്ചായത്തിന് സാധിക്കുന്നില്ല. 14.01.2011ലെ സർക്കാർ ഉത്തരവ് (അ)നം.20/2011/ത.സ്വഭ.വ. 4(5) പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ച് വർഷത്തേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും അടുത്ത ഓരോ അഞ്ചു വർഷക്കാലയളവിലേക്കും പ്രാബല്യത്തിലുണ്ടായിരിക്കേണ്ട നിരക്കുകൾ 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് യഥാസമയം പുതുക്കി നിശ്ചയിക്കേണ്ടതും അവ നാലാം ഉപചട്ടപ്രകാരം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ പഞ്ചായത്തിലെ വസ്തു നികുതി നിരക്കുകൾ പുനർ നിർണ്ണയിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ബി എസ് എൻ എൽ, മണീട് | 2017-18 രണ്ട് അർദ്ധ വർഷങ്ങളിലും | 2500 |
| 2 | സഹകരണ ബാങ്ക്, മണീട് | 2017-18 രണ്ട് അർദ്ധ വർഷങ്ങളിലും | 2500 |
| 3 | മാവേലി സ്റ്റോർ, മണീട് | 2017-18 രണ്ട് അർദ്ധ വർഷങ്ങളിലും | 2500 |
| 4 | മാവേലി സ്റ്റോർ, ഏഴക്കരനാട് | 2017-18 രണ്ട് അർദ്ധ വർഷങ്ങളിലും | 2500 |
| 5 | ക്ഷീരോൽപ്പാദക സഹകരണ സംഘം, | 2017-18 രണ്ട് അർദ്ധ വർഷങ്ങളിലും | 2500 |

| | | | |
|---|---|---|---|
| | മണീട് | | |
| 6 | ക്ഷീരോൽപ്പാദക സഹകരണ സംഘം, ഏഴക്കരനാട് | 2017-18 രണ്ട് അർദ്ധ വർഷങ്ങളിലും | 2500 |
| 7 | ദി ഹിന്ദു (വർത്തമാന പത്രം) | 2017-18 രണ്ട് അർദ്ധവർഷങ്ങളിലും | 2500 |
| 8 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, മണീട് | 2017-18 രണ്ട് അർദ്ധ വർഷങ്ങളിലും | 2500 |
| 9 | വെൽകെയർ കോളേജ് ഓഫ് നഴ്സിങ്ങ്,വെട്ടിയ്ക്കൽ | 2017-18 രണ്ട് അർദ്ധ വർഷങ്ങളിലും | 2500 |
| ആകെ | | | 22500 |

കൂടാതെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് ഉചിതമായ വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. മുകളിൽപ്പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി, കോമ്പൌണ്ടിംഗ് ഫീസ് എന്നിവ ഈടാക്കാതിരുന്നത് സംബന്ധിച്ച്

മണീട് ഗ്രാമപഞ്ചായത്തിലെ, മണീട് വില്ലേജ് സർവ്വേ നം. 186/1, 183/4-2, 184/5-A, 184/5-A1, 184/5-A2, 184/5-A3, 184/5-A5, 424/3 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട പത്തേക്കർ സ്ഥലത്ത് ഇൻസൈറ്റ് മീഡിയ സിറ്റിക്കു(ഫ്ലവേഴ്സ് ചാനൽ) വേണ്ടിയുള്ള പെർമിറ്റ് അപേക്ഷ മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ. ശ്രീകണ്ഠൻ നായർ, 21.3.2014 ൽ സമർപ്പിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്ലാൻ പ്രകാരം 2262.81 ച.മീ. വിസ്തീർണ്ണമുള്ള കൊമേർസ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് 7.5.2014ൽ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ട് (A5- 1240/14).

1. പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകളിൽ നിന്നും പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നത് ചാനൽ സ്റ്റുഡിയോ നടത്തുന്നതിന് വേണ്ടിയാണെന്ന് വ്യക്തമാണ്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിയമത്തിലെ 34(3)(1) പ്രകാരം ജി.2 വിഭാഗത്തിൽപ്പെടുത്തി വേണമായിരുന്നു പെർമിറ്റ് നൽകേണ്ടത്. ഇതിനു പകരം കൊമേർഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളത്.

2. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59(11എ) പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് നൽകുന്നതിന് മുൻപായി ലഭ്യമാക്കേണ്ട അഗ്നിശമന ഡയറക്ടറുടെ അംഗീകാര സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59(2) പ്രകാരം ഒരു ഹെക്ടറിൽ കവിയുന്ന വിസ്തീർണ്ണമുള്ള പ്ലോട്ടുകളുടെ ഉപയോഗത്തിനും 1000 ച.മീ. കവിയുന്ന തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ലേ ഔട്ടുകൾക്കും ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം വാങ്ങിയതിനു ശേഷം മാത്രമാണ് പെർമിറ്റ് നൽകേണ്ടത്.

4. അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള ജി.ഒ(പി)12/2018 ത.സ്വ.ഭ.വ തീയതി 15.02.2018 ഉത്തരവിൽ നിഷ്കർഷിക്കുന്നതു പ്രകാരം മേൽ കെട്ടിടത്തിന്റെ നിർമ്മാണം 31.07.2017ന് മുൻപായി പൂർത്തീകരിച്ചിട്ടുള്ളതിനാൽ, നിലം കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം6(4) പ്രകാരം 266575/-രൂപ കോമ്പൌണ്ടിംഗ് ഫീസ് ഈടാക്കിക്കൊണ്ട് നിബന്ധനകൾക്കു വിധേയമായി ക്രമവത്ക്കരിക്കാവുന്നതാണെന്ന് എറണാകുളം ജില്ലാ സീനിയർ ടൌൺ പ്ലാനറുടെ 26.10.2018ലെ നം.സി/2375/18(5) കത്തിൽ ഉത്തരവായിട്ടുള്ളതാണ്. ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

5. ഈ വകുപ്പിലെ 2016-17 ഓഡിറ്റ് റിപ്പോർട്ടിലും മേൽ പ്രസ്താവിച്ച അനധികൃത കെട്ടിട നിർമ്മാണം

ക്രമവത്കരിക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞിരുന്നു.

6. ഗ്രാമപഞ്ചായത്തിന് ഇൻസൈറ്റ് മീഡിയ സിറ്റി(ഫ്ലവേഴ്സ് ചാനൽ) സമർപ്പിച്ച കത്തിൽ ഈ സ്ഥാപനം 05.10.2016ൽ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ തന്നെ കെട്ടിടത്തിന് യു/എ നമ്പർ ഈ തീയതി മുതൽ നൽകാവുന്നതും അതനുസരിച്ച് 3 ഇരട്ടി നികുതി ഈടാക്കേണ്ടതുമാണ്. കൂടാതെ മേൽ സ്ഥാപനത്തിൽ 200ൽ അധികം ജീവനക്കാർ ജോലി ചെയ്യുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ നിന്നും തൊഴിൽ നികുതി കൂടി ഈടാക്കേണ്ടതായിരുന്നു.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ 15.11.2018 ലെ A4-4564/18 കത്ത് പ്രകാരം എൻ ഒ സി ലഭ്യമാകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ,ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്,പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവിടങ്ങളിലേയ്ക്ക് കത്ത് നൽകിയതായും എൻ ഒ സി ലഭ്യമാകുന്ന മുറയ്ക്ക് കോമ്പൌണ്ടിംഗ് ഫീസ് ഈടാക്കി ക്രമവത്ക്കരിച്ച വിവരം അറിയിക്കാം എന്നാണ് വിശദീകരിച്ചത്. എത്രയും വേഗം കോമ്പൌണ്ടിംഗ് ഫീസ് ഈടാക്കി കെട്ടിടം ക്രമവത്ക്കരിക്കേണ്ടതും, അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി നിയമാനുസരണം ഈടാക്കേണ്ടതുമാണ്.

## 2-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല

മൂന്ന് വർഷത്തിലധികമായി തിരികെ നൽകാത്തതും കാലഹരണപ്പെട്ടതുമായ താഴെപ്പറയുന്ന ഡെപ്പോസിറ്റുകൾ (ഡെപ്പോസിറ്റ് രജിസ്റ്റർ പേജ് നം.50)പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| ക്രമ നം | ഡെപ്പോസിറ്റ് തീയതി | പേര്/ മേൽവിലാസം | തുക |
|---|---|---|---|
| 1 | 30.01.12 | സാജുമോൻ, അഗ്രോ മെഷിനറി സർവ്വീസ് പിറവം | 2500 |
| 2 | 26.08.12 | ബൈജു മനയ്ക്കത്തോട്ടത്തിൽ | 100 |
| 3 | 03.03.14 | സജി ഏലിയാസ് | 15623 |
| 4 | ,, | ജയിംസ് പൌലോസ് | 17195 |
| 5 | 18.03.15 | സെക്രട്ടറി, എസ്.എൻ.ഡി.പി. യോഗം | 500 |
| 6 | 31.03.15 | റ്റി.എ. മത്തായി വലിയപള്ളിപ്പടി | 37823 |
| 7 | ,, | സുരേഷ് കുമാർ പി.എം. മണീട് എൽ.പി.എസ് കോംപൌണ്ട് വാൾ | 16665 |
| 8 | ,, | ജോയ്. കെ.കെ | 16066 |
| 9 | ,, | ജിനേഷ്.കെ. ശങ്കർ | 52546 |
| 10 | ,, | രവി.എം.എ. | 10791 |
| | | ആകെ | 1,69,809 |

മേൽ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാനാവശ്യമായ നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രന്ഥശാല ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക മൂന്ന് പ്രകാരം വായനശാലകളുടെ നടത്തിപ്പും പ്രോൽസാഹനവും ഗ്രാമപഞ്ചായത്തിന്റെ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലകളിലൊന്നാണ്. ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള അംബേദ്കർ പഠന ഗവേഷണ കേന്ദ്രത്തിൽ വിപുലമായ ഒരു ഗ്രന്ഥശാല

സജ്ജീകരിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 3618 പുസ്തകങ്ങൾ ഇവിടെ ലഭ്യമാണ്. അംഗത്വരജിസ്റ്റർ പ്രകാരം 140 ആയുഷ്കാല അംഗങ്ങളും 327 എ-ക്ലാസ്സ് അംഗങ്ങളും 141 ബി-ക്ലാസ് അംഗങ്ങളും ഗ്രന്ഥശാലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനും വായിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഇവിടെ ലഭ്യമാണെങ്കിലും നിലവിൽ ഈ ഗ്രന്ഥശാല ജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് ഒരു ലൈബ്രേറിയന്റെ അഭാവം മൂലം സാധിക്കുന്നില്ല. തികച്ചും ഗ്രാമാന്തരീക്ഷം നിലനിൽക്കുന്ന മണീട് പോലുള്ള പ്രദേശത്ത് ഇത്രയും വിപുലമായ പുസ്തകശേഖരവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ജനങ്ങളുടെ ബൗദ്ധികവും സാംസ്കാരികവുമായ ഉണർവിന് ഉപയുക്തമാകുന്ന വിധത്തിൽ പ്രവർത്തനസജ്ജമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-2 വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ് ചാർജ് അധികം നൽകി

| പ്രോജക്ട് നം/പേര് | S0052/18 ഹോമിയോ ആശുപത്രിയ്ക്ക് വാട്ടർ കണക്ഷൻ | S0053/18 വിവിധ അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ |
|---|---|---|
| അടങ്കൽ | 24000/-(വികസന ഫണ്ട്) | 170000/- (വികസന ഫണ്ട്) |
| ചെലവ് | 24000/- ബിൽ നം.12/17-18,28.09.17 | 170000/- ബിൽ നം.14/17-18,26.10.17 |

ഈ പ്രോജക്ടുകളുടെ നടത്തിപ്പിൽ താഴെ പറയുന്ന ന്യൂനത കാണുന്നു.

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയ്ക്കും വിവിധ അങ്കണവാടികൾക്കും വാട്ടർ കണക്ഷൻ ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും 2.5%എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാവുന്നതാണ്. എന്നാൽ പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. മേൽ പ്രോജക്ടിൽ താഴെ പറയുന്ന പ്രകാരം 12.5% സെന്റേജ് ചാർജ് നൽകിയിട്ടുണ്ട്. തൻമൂലം പഞ്ചായത്തിന് താഴെപറയും പ്രകാരം 3681/- രൂപ അധികം ചെലവുണ്ടായി.

| | ഹോമിയോ ആശുപത്രിയ്ക്ക് വാട്ടർ കണക്ഷൻ | വിവിധ അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ |
|---|---|---|
| നികുതികൾ ഒഴികെ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയതുക | 18002 | 129221 |
| നൽകിയ സെന്റേജ് ചാർജ് | 2250 | 16153 |
| നൽകാവുന്നത് | 1800 | 12922 |
| അധികം നൽകിയത് | 450 | 3231 |

ആയതിനാൽ അധികം നൽകിയ 3681/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കടത്തു വള്ളം ഉപയോഗിക്കുന്നതിലെ അപാകത

മണീട് ഗ്രാമപഞ്ചായത്തിൽ കീഴ്മുറി-വെട്ടിത്തറ കടത്ത്, ഓട്ടുകമ്പനി കടത്ത്, മടക്കിൽ കടത്ത് എന്നിങ്ങനെ മൂന്ന് കടത്തുകളാണ് ഉള്ളത്. 2017-18 സാമ്പത്തിക വർഷം ഈ മൂന്ന് കടത്തുകളും ലേലം ചെയ്തു കൊടുത്തിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഫെറിയുടെ വിവരം | ഫെറി നടത്തുന്ന വ്യക്തിയുടെ വിവരം | ഫെറി നടത്തുന്ന വ്യക്തിയ്ക്ക് പ്രതിമാസം നൽകിയ തുക | വഞ്ചിയ്ക്ക് കനാൽ ഓഫീസർ നൽകിയ ഫിറ്റ്നെസ് കാലാവധി |
|---|---|---|---|
| കീഴ്മുറി-വെട്ടിത്തറ കടത്ത് | ശ്രീ ഒ സി കുര്യാച്ചൻ, ഒടംപാടത്ത് വീട്, കീഴ്മുറി, വാർഡ് 4 | 4000/- | നം.39EK/2017-18 07.04.2017 to 31.03.2018, കനാൽ ഓഫീസർ, എറണാകുളം |
| ഓട്ടുകമ്പനി കടത്ത് | ശ്രീ എം എം അയ്യപ്പൻ, മാമ്മലേടത്ത് വീട്, ഏഴക്കരനാട്, വാർഡ് 4 | 3500/- | നം.28VK/2017-18 21.03.2017 to 31.03.2018, കനാൽ ഓഫീസർ, വൈക്കം |
| മടക്കിൽ കടത്ത് | ശ്രീ ബിനു പി കെ, കരാട്ടേപുതിയപാടത്ത്, നെച്ചൂർ, വാർഡ് 5 | 3400/- | നം.28EK/2017-18 07.04.2017 to 31.03.2018, കനാൽ ഓഫീസർ, എറണാകുളം |

ഫെറി സർവ്വീസ് നടത്തുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന്റെ കാലാവധി കർശനമായും പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

2) ഫെറിസർവ്വീസ് നടത്തുന്ന വ്യക്തിയുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെടുമ്പോൾ മുദ്രപ്പത്രത്തിൽ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതായിരുന്നു. എന്നാൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം(ഓഡിറ്റ് എൻക്വയറി നം.6/09.11.18) രേഖപ്പെടുത്തലുകൾ ഒന്നും ഇല്ലാതിരുന്ന മുദ്രപ്പത്രത്തിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സമർപ്പിച്ചു. മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കുമ്പോൾ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

3) കടത്ത് വഞ്ചി സർവ്വീസ് നടത്തുന്നതിന് ക്വട്ടേഷൻ പ്രകാരവും, 2017-18 വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെട്ടതു പ്രകാരവും പ്രതിമാസം ക്വാട്ട് ചെയ്തിട്ടുള്ള തുക തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ആയതിന് വിരുദ്ധമായി ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെ 21.07.2017 ലെ 22(2)തീരുമാന പ്രകാരം ഓരോ കടത്തുകാരനും 500/-രൂപ വീതം ജൂലൈ 2017 മാസം മുതൽ കൂട്ടി നൽകുകയായിരുന്നു എന്ന മറുപടിയാണ് ഗ്രാമപഞ്ചായത്ത് നൽകിയത്. ആയത് ശരിയായ നടപടിയല്ല. കരാറിൽ ഏർപ്പെട്ട വ്യക്തിയുമായി സമ്മതിച്ചിട്ടുള്ള കരാർ തുക തന്നെ നൽകുന്നതിന് ഭരണസമിതിയും, ഗ്രാമപഞ്ചായത്ത് അധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 യു.പി.സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം - ടെണ്ടർ പ്രകാരമുള്ള വാറണ്ടി ഉറപ്പുവരുത്തിയില്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | ഏഴക്കരനാട് യു.പി.എസ്.സ്മാർട്ട് ക്ലാസ് റൂം - അനുബന്ധ സാധനങ്ങൾ വാങ്ങൽ. |
| പ്രോജക്ട് നമ്പർ | : | എസ്.0021/18 |
| അടങ്കൽ | : | 109600/- (സംരക്ഷണ ഗ്രാന്റ് റോഡിതരം) |

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ്മാസ്റ്റർ ഗവ.യു.പി.സ്കൂൾ |
| ചെലവ് വിവരം | : | 109600/-<br>(ബി.ആർ.എൻ. 499870/12.07.2017)<br>ഈ തുക മെസേഴ്സ് ഫോർകോം ഇൻഫ്രാടെക് സിസ്റ്റംസ് പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. |

2016-17 വർഷത്തിൽ ഏറ്റെടുത്ത പ്രോജക്ട് ആണിത് (എസ്. 0144/17). സ്മാർട്ട് ക്ലാസ്സ് റൂം ഒരുക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ( നോട്ടീസ് എച്ച്.എം-01/2017/23.02.2017) ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (രൂപ 194600/-) മെസേഴ്സ് ഫോർകോം ഇൻഫ്രാടെക് സിസ്റ്റംസ് പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്തതിന് 85000/- രൂപ വികസനഫണ്ടിൽ നിന്നും 2016-17 വർഷത്തിൽ ഈ സ്ഥാപനത്തിന് നൽകിയിട്ടും ഉണ്ട്. ബാക്കി തുക നൽകുന്നതിന് സ്പിൽ ഓവർ ആയി 2017-18 വർഷത്തിൽ പ്രോജക്ട് ഏറ്റെടുത്തു. പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(1) <u>ടെണ്ടർ വ്യവസ്ഥ പ്രകാരമുള്ള വാറണ്ടി നൽകിയില്ല</u> : ടെണ്ടർ ഷെഡ്യൂളിലെ വ്യവസ്ഥ പ്രകാരം ഇൻസ്റ്റലേഷൻ തീയതി മുതൽ രണ്ട് വർഷത്തെ വാറണ്ടി ലഭ്യമാക്കണം എന്ന് വ്യവസ്ഥ ഉണ്ടായിരുന്നു. സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിലും ഈ വ്യവസ്ഥ അംഗീകരിച്ചെങ്കിലും 29.03.2017ൽ ഏർപ്പെട്ട കരാറിൽ ഡെലിവറി തീയതി മുതൽ 12 മാസം വരെയേ ഗ്യാരണ്ടി വ്യവസ്ഥ ചെയ്തിട്ടുള്ളൂ. സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത് 25.03.2017ലെ 110-ാം നമ്പർ ഇൻവോയ്സ് പ്രകാരമാണ്. കരാർ പ്രകാരം 25.03.2018 വരെ മാത്രമെ ഗ്യാരണ്ടി ലഭ്യമാകുന്നുള്ളൂ. എന്നാൽ ടെണ്ടർ വ്യവസ്ഥ പ്രകാരം ഇത് 25.03.2019 വരെ ലഭ്യമാകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് പരാമർശത്തിന് ക്ലെറിക്കൽ എറർ മൂലമാണ് ഇങ്ങനെ സംഭവിച്ചത് എന്നും കരാറിൽ വാറണ്ടി വ്യവസ്ഥ രണ്ട് വർഷമാക്കും എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത് ക്രമവൽക്കരിക്കുന്നതിന് വിധേയമായി 109600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(2) <u>പ്രോജക്ട് നിർവ്വഹണം മോണിട്ടർ ചെയ്തിട്ടില്ല</u> : വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ് . മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്.മോണിട്ടറിങ്ങ് കമ്മറ്റി യോഗം ചേർന്ന് മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ പ്രോജക്ട് നിർവ്വഹണം ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി യഥാകാലം മോണിട്ടർ ചെയ്ത് റിപ്പോർട്ട് നൽകിയിട്ടില്ല. ഈ പരാമർശത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പ്രോജക്ട് നിർവ്വഹണം മോണിട്ടർ ചെയ്തിട്ടുണ്ടെന്നും എന്നാൽ റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്.

## **3-5** <u>ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത കടവ് പുനർ നിർമ്മിച്ചതിന് **11.17** ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു</u>

നെച്ചൂർ ആറാട്ടു കടവ് നിർമ്മാണം

പ്രോജക്ട് നം - S0092/18

കരാറുകാരൻ - റെജി കുര്യാക്കോസ്

അളവു പുസ്തകം -27/17-18

ചെലവു വിവരം - ബിൽ നം 33/28-02-18 രൂപ 408692/-

ബിൽ നം 51/24-03-18 രൂപ 703100/-

ബിൽ നം 14/23-05-18 രൂപ 5895/-

അഞ്ചാം വാർഡിലെ നെച്ചൂർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആറാട്ടു കടവ് പൊളിച്ചു മാറ്റിയതിനാൽ പുനർ നിർമ്മിച്ചതിന് 11.17 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മേജർ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള ടി കടവിന്റെ പുനരുദ്ധാരണമാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് ചെയ്തിട്ടുള്ളത്. (പ്രവൃത്തി ചെയ്യുന്നതിന് മേജർ ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.) കുളിക്കടവുകളും അലക്കുകടവുകളും നിർമ്മിക്കുക പഞ്ചായത്തിന്റെ അനിവാര്യച്ചുമതലയാണെങ്കിലും ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത കടവ് പുനർ നിർമ്മിച്ചതിന് 11.17 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടി ശരിയല്ല. ഗ്രാമപഞ്ചായത്തിലെ മറ്റു വികസന പ്രവർത്തനങ്ങൾക്കുതകുമായിരുന്ന തുകയാണ് ഇത്തരത്തിൽ ചെലവഴിച്ചത്. ഫണ്ട് ലഭ്യമല്ലാത്തതിനാൽ പല പ്രോജക്ടുകൾക്കും ആവശ്യമായ തുക വകയിരുത്താത്ത അവസ്ഥയുള്ളപ്പോഴാണ് ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത കടവ് പുനർ നിർമ്മിച്ചിരിക്കുന്നത്. അതിനാൽ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 3-6 കാലി വീപ്പയുടെ വില ഈടാക്കിയില്ല

തൻ വർഷം നടപ്പിലാക്കിയിട്ടുള്ള റോഡ് ടാർ ചെയ്യുന്ന പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ, RS1& SS1ആണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വില ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരിൽ നിന്നും താഴെപ്പറയും വിധം തുക ഈടാക്കിയിട്ടുണ്ട് .

| കരാറുകാരൻ | ഈടാക്കിയ തുക | രസീത് നമ്പർ |
|---|---|---|
| സാജു C.S | 17750 | 118030101497/15-11-98 |
| ജോർജ്ജ് മാത്യു | 14750 | 118030101498/15-11-98 |
| M.Cരാജൻ | 31250 | 118030101517/16-11-98 |
| ആകെ | 63750 | |

ഈയിനത്തിൽ ഇനിയും ഈടാക്കേണ്ട തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച അളവ് (kg) | കാലി വീപ്പയുടെ എണ്ണം | ഈടാക്കേണ്ട വില @250/ | ചെലവു വിവരം (ബിൽ നമ്പർ) | കരാറുകാരൻ |
|---|---|---|---|---|---|---|
| 1. | ചീരക്കാട്ടുപാറ-കുമുള്ളിത്താഴം കനാൽ ബണ്ട്റോഡ്നവീകരണം | ബിറ്റുമിൻ-2588.69 RS1&SS1-291.759 (MB-217/16-17) | 19 | 4750/- | 4/ 17-07-17 | T.P.മത്തായി |
| 2. | പഞ്ചായത്ത്പടി-ചങ്ങലമറ്റംറോഡ് നവീകരണം | ബിറ്റുമിൻ-3629.10 RS1& SS1-378.42 (MB-233/16-17) | 26 | 6500/- | 8/ 25-08-17 | T.P മത്തായി |
| 3 | SNDP- ചൂണ്ടമല റോഡ് ടാറിംഗ് | ബിറ്റുമിൻ-3880.50 RS1& SS1-1551.70 (MB-31/17-18) | 34 | 8500/- | 28/ 07-3-18 | സാജു C.S. |
| 4 | പറമ്പേൽ റോഡ് റീടാറിംഗ് | ബിറ്റുമിൻ-1264.54 RS1& SS1-126.363 | 9 | 2250/- | 26/ 12-2-18 | M.C രാജൻ |

| | | | | | | |
|---|---|---|---|---|---|---|
| | | (MB-17/17-18) | | | | |
| | ആകെ | | | 22000 | | |

കാലിവീപ്പയുടെ വില കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണഉദ്യോഗസ്ഥയായ അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-7 റീഇൻഫോഴ്സ്മെന്റിന്റെ ഭാരം തെറ്റായി കണക്കാക്കിയത് അധികച്ചെലവിനിടയാക്കി.

ശ്രാപ്പള്ളി പുത്തൻഭാഗം പാടശേഖരം കൾവർട്ട് വാർഡ്-13

പ്രോജക്റ്റ് നം - S0108/18

കരാറുകാരൻ - സാജു .C.S

അളവു പുസ്തകം -45/17-18

ചെലവു വിവരം - ബിൽ നം 5/18-05-18 രൂപ 459004/-

ടി പ്രവൃത്തിയിൽ രണ്ട് ബോക്സ് കൾവർട്ടും( AppendixA) റാമ്പു നിർമ്മാണവുമാണ് ( Appendix B)ഉൾപ്പെടുത്തി ചെയ്തിരിക്കുന്നത്. അളവു പുസ്തകം 45/17-18 പേജ് 20 ൽ 8mm കമ്പി ഉപയോഗിച്ചതായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഭാരം കണക്കാക്കിയിരിക്കുന്നത് coefficient 0.617/kg എന്ന നിരക്കിലാണ്. 8mm കമ്പിയുടെ ഭാരം 0.395/kg ആണ്. തെറ്റായി അളവു രേഖപ്പെടുത്തിയത് അധികം തുക നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| അനുവദിച്ചത് | അനുവദനീയം |
|---|---|
| 2x17x6.10@ 0.617/kg= 127.966 kg | 2x17x6.10@ 0.395/kg= 81.923 kg |
| 2x30x3.35 @ 0.617/kg=124.017kg | 2x30x3.35 @ 0.395/kg=79.395kg |
| ആകെ 251.983 kg @84/kg | ആകെ 161.318 kg |

അധികം നൽകിയ തുക - (251.983 -161.318) = 90.665 @84 =7616/-

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-8 കൂടുതൽ കനത്തിൽ തറ കോൺക്രീറ്റ് ചെയ്തിരിക്കുന്നത് അധിക ചെലവിനിടയാക്കി.

പി.എച്ച് .സി -വിശ്രമകേന്ദ്രം & ഫാർമസി നിർമ്മാണം

പ്രോജക്റ്റ് നം - S0071/18

കരാറുകാരൻ -ബെന്നി ജോസഫ്

അളവു പുസ്തകം -29/17-18, 66/17-18

ചെലവു വിവരം - ബിൽ നം 60/27-03-18 രൂപ 252574/-

ബിൽ നം 41/13-03-18 രൂപ 362450/-

a) മണീട് പി.എച്ച് .സി യ്ക്ക് വിശ്രമകേന്ദ്രവും ഫാർമസിയും നിർമ്മിക്കുന്ന പ്രവൃത്തിയിൽ തറ കോൺക്രീറ്റ്

(1:4:8) ചെയ്തിരിക്കുന്നത് 10 cm കനത്തിലാണ്. ചീഫ് എഞ്ചിനിയറുടെ 20-01-1994 ലെ 1/94 -ാം നമ്പർ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ പ്രവൃത്തിയിൽ തറ കോൺക്രീറ്റ് ചെയ്യേണ്ടത് 7.5 cm കനത്തിലാണെന്ന് നിർദ്ദേശിക്കുന്നു. കൂടുതൽ കനത്തിൽ തറ കോൺക്രീറ്റ് ചെയ്തിരിക്കുന്നത് അധിക ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| അനുവദിച്ചത് ($m^3$) | അനുവദനീയം ($m^3$) |
|---|---|
| മുറി 2x3.40x5x0.10 = 3.40 | 2x3.40x5x0.075 = 2.55 |
| വരാന്ത -1x8.85x0.95 x0.10=0.841 | 1x8.85x0.95x0.075 =0.631 |
| ആകെ 4.241 @6541/$m^3$ | 3.181 |

അധികം - (4.241 - 3.181) = 1.06 m3 @6541/m3= 6933/-

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം നിർവ്വഹണഉദ്യോഗസ്ഥയായ അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

b) മണീട് പി.എച്ച്.സി യ്ക്ക് വിശ്രമകേന്ദ്രവും ഫാർമസിയും നിർമ്മിക്കുന്നതിന് നിലവിലുള്ള സ്റ്റീൽ വർക്ക് (ചാനൽ, പോസ്റ്റ്, ആംഗിൾ മുതലായവ) 443.336 kg ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. കൂടാതെ 63.75 $m^2$ വിസ്തീർണത്തിൽ മേൽക്കൂരയും പൊളിച്ച് മാറ്റിയിട്ടുണ്ട്. എന്നാൽ ഇവ പുനരുപയോഗിക്കുകയോ ലേലം ചെയ്ത് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല, ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പി.എച്ച്.സി യുടെ രണ്ടാം ഘട്ട നിർമ്മാണത്തിന് ഉപയോഗിക്കുമെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഇതിന്റെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

## 3-9 <u>പഴയ പഞ്ചായത്ത് ഓഫീസിന്റെ വെള്ളക്കരം- അധിക തുക നല്കുന്നു</u>

പഞ്ചായത്ത് ഓഫീസിന്റെ പഴയ കെട്ടിടത്തിന്റെ ദ്വൈമാസ വെള്ളക്കരം 11/17 ൽ 4944/- രൂപയും 01/18 ൽ 2035/- രൂപയും 3/18 ൽ 4584/- രൂപയുമാണ്. ശരാശരി 166 കിലോ ലിറ്റർ വെള്ളമാണ് ഉപയോഗിക്കുന്നത്. ഇതേ കാലയളവിലെ ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വെള്ളക്കരം ശരാശരി 804/- രൂപയും, വില്ലേജ് ഓഫീന്റെ വെള്ളക്കരം 404/- രൂപയും അങ്കണവാടി കെട്ടിടങ്ങളുടെ ആകെ വെള്ളക്കരം 2035/- രൂപയുമാണ്. ഹോമിയോ ഡിസ്പെൻസറി പഴയ പഞ്ചായത്ത് ഓഫീസിന്റെ പരിസരത്ത് പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് കണക്കിലെടുത്താൽത്തന്നെയും പഞ്ചായത്ത് ഓഫീസിന്റെ പഴയ കെട്ടിടത്തിന്റെ ദ്വൈമാസ വെള്ളക്കരം സാധാരണയിലും കൂടുതലാണ്. ഇത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വെള്ളക്കരം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്പോഴുള്ള വെള്ളകണക്ഷൻ നിർത്തലാക്കി ഹോമിയോ ഡിസ്പെൻസറിക്ക് പുതിയ വെള്ളകണക്ഷൻ എടുക്കുന്നത് പരിഗണിക്കാവുന്നതാണ്. വെള്ളക്കരം കുറയ്ക്കാനാവശ്യമായ ഉചിത നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-10 <u>കരാറുകാരന് തുക നൽകിയപ്പോൾ ആദായ നികുതി ഈടാക്കിയില്ല.</u>

2017-18 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. T.P. മത്തായി, ശ്രീ. M.C. രാജൻ എന്നിവർ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരിൽ നിന്നും താഴെപ്പറയും വിധം തുക ഈടാക്കിയിട്ടുണ്ട് .

| കരാറുകാരൻ | ഈടാക്കിയ തുക | രസീത് നമ്പർ |
|---|---|---|

| | | |
|---|---|---|
| M.രോജൻ | 2378 | 118030101518/16-11-98 |

ഈയിനത്തിൽ ഇനിയും ഈടാക്കേണ്ട തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | EFMS വഴി നൽകിയ തുക/ ബിൽ തീയതി | കരാറുകാരൻ | ഈടാക്കേണ്ടുന്ന ആദായനികുതി @1% |
|---|---|---|---|
| മേമുഖം കാലാപ്പിള്ളി റോഡ് സൈഡ് കെട്ടി സംരക്ഷണം | 110638 29-06-17 | T.P.മത്തായി | 1106 |
| SC ഫാമിലി- സൈഡ് കെട്ടി സംരക്ഷണം | 72873 29-06-17 | T.P.മത്തായി | 729 |
| ആകെ | | | 1835 |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-11 ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ്- മതിയായ തുക വകയിരുത്തുന്നില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0051/18 ക്ഷീര കർഷകർക്ക് പാൽവില ഇൻസെന്റീവ് നൽകൽ |
| അടങ്കൽ | വികസന ഫണ്ട് - 7,20,000<br>ബ്ലോക്ക് വിഹിതം - 1,00,000<br>8,20,000 |
| ചെലവ് | ബിൽനം.01/17-18 - 7,20,000<br>ചെക്ക് നം.2322467/30.01.18 – 1,00,000<br>8,20,000 |
| നിർവ്വഹണോദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ |

ക്ഷീര കർഷകർക്ക് പാലളവ് അനുസരിച്ച് ലിറ്ററിന് മൂന്ന് രൂപ വെച്ച് സാമ്പത്തിക വർഷം പരമാവധി മുപ്പതിനായിരം രൂപ വരെ ഇൻസെന്റീവ് നൽകുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ആവശ്യമായ തുക വകയിരുത്താതിരുന്നതിനാലും മറ്റ് സ്രോതസ്സുകളിലൂടെ തുക കണ്ടെത്താൻ കഴിയാതിരുന്നതിനാലും സർക്കാർ ഉദ്ദേശിച്ച രീതിയിൽ പ്രോജക്ട് നടപ്പിലാക്കാൻ നിർവ്വഹണോദ്യോഗസ്ഥയ്ക്ക് കഴിഞ്ഞില്ല. തുക വകയിരുത്തുമ്പോൾ സാദ്ധ്യമായ എല്ലാ സ്രോതസ്സുകളും പദ്ധതി നിർവ്വഹണത്തിനായി പ്രയോജനപ്പെടുത്തണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പറയുന്നുണ്ട്.

2017-18 വർഷം പഞ്ചായത്തിൽ 363 ക്ഷീരകർഷകരാണ് ഉണ്ടായിരുന്നത്. ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള നാലു മാസങ്ങളിൽ ഇവർ ഉൽപ്പാദിപ്പിച്ച 3,92,349 ലിറ്റർ പാലിന് ഇൻസെന്റീവായി 8,20,000 രൂപ നൽകി. അതായത് ലിറ്ററിന് മൂന്ന് രൂപ വെച്ച് നല്കണമായിരുന്നെങ്കിലും 2.09 രൂപ വീതം നൽകി. ഓഗസ്റ്റ് മുതൽ 2018 മാർച്ച് വരെയുള്ള മാസങ്ങളിലെ പാൽ ഉല്പ്പാദനത്തിന്, തുക വകയിരുത്താത്തു മൂലം ഇൻസെന്റീവ് നൽകിയിട്ടില്ല. പഞ്ചായത്തിലെ പ്രതിദിന പാലുൽപാദനം 3270 ലിറ്ററാണ്. പാൽ ഉല്പാദനത്തിൽ മണീട് പഞ്ചായത്തിനുള്ള സവിശേഷത 23.09.17 ലെ പഞ്ചായത്ത് കമ്മിറ്റി മിനിട്സിൽ തീരുമാനം നം.16 ആയി ചേർത്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ ക്ഷീരകർഷകർ ഉള്ളതും ഏറ്റവും കൂടുതൽ പാലുൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതും മിനിട്സ് പ്രകാരം മണീട് ഗ്രാമപഞ്ചായത്താണ്.

ഡ്രൈ മാസങ്ങൾ ഒഴിവാക്കിയാൽ ബാക്കിയുള്ള ഒൻപത് മാസങ്ങളിലെ ശരാശരി പാൽ ഉല്പാദനം 8,82,000 ലിറ്റർ പാലാണ്. ഇതിന് നൽകാവുന്ന ഇൻസെന്റീവ് 26,46,000 രൂപയാണ്. എന്നാൽ വകയിരുത്തിയ തുക 8,20,000 രൂപ മാത്രമാണ്. 22.05.17 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ് നൽകുന്നതിനായി 10,00,000 രൂപയുടെ അടങ്കലിന് ശുപാർശ

ചെയ്തിരുന്നു. എന്നാൽ യഥാർത്ഥത്തിൽ വകയിരുത്തിയത് 8,20,000 രൂപയാണ്.

വസ്തു നികുതി നിരക്ക് ഏറ്റവും കുറഞ്ഞതായി നിശ്ചയിച്ചിരിക്കുന്നതിനാൽ പഞ്ചായത്തിന്റെ തനത് വരുമാനം വളരെക്കുറവാണ്. തൻമൂലം തനത് ഫണ്ട് പദ്ധതി നിർവ്വഹണത്തിനായി വകയിരുത്താൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഉൾപ്പെടെയുള്ള മറ്റു സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി, മതിയായ തുക മണീട് പഞ്ചായത്തിന്റെ സവിശേഷതയായ ക്ഷീരകർഷകർക്ക്, ഇൻസെന്റീവ് നല്കുന്നതിനായി ഭാവിയിൽ വകയിരുത്തേണ്ടതാണ്.

## 3-12 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (വനിത)- പദ്ധതിയിൽ നിന്ന് പിൻമാറിയവരുടെ വിഹിതം തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം/പേര് | S067/18, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (വനിത) |
| അടങ്കൽ | വികസന ഫണ്ട് - 3,12,500<br>തനത് ഫണ്ട് - 6,25,000<br>സ്വയംവഹിക്കുന്നത് - 3,12,500<br>12,50,000 |
| ചെലവ് | ബിൽനം.01/17-18/30.01.18<br>-3,12,500 |
| വർക്കിംഗ് ഗ്രൂപ്പ്/ സ്റ്റാന്റിംഗ് കമ്മിറ്റി | മൃഗസംരക്ഷണം, ക്ഷീര വികസനം/ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി |

50 കന്നുകുട്ടികൾക്ക് 6250 രൂപ നിരക്കിൽ ആകെ 3,12,500 രൂപ പ്രോജക്ട് ഓഫീസർ ഐ.സി.ഡി.പി. ആലുവയുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പരിലേക്ക് (79901140000 3312)കൈമാറിയിട്ടുണ്ട്. കാലിത്തീറ്റയുടെ വിതരണ രജിസ്റ്റർ ലഭ്യമാക്കിയത് പ്രകാരം അമ്മിണി അയ്യപ്പൻ കൊള്ളിനാപ്പാറ, തങ്കമ്മ കുട്ടപ്പൻ, മന്ത്രകോട്ടിൽ എന്നീ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്ന് പിൻമാറിയിട്ടുണ്ട്. അമ്മിണി അയ്യപ്പൻ കൊള്ളിനാപ്പാറയുടെ വിഹിതമായ 6250 രൂപയിൽ ചെലവായ 897 രൂപ കിഴിച്ച് ബാക്കി 5353രൂപയും, തങ്കമ്മ കുട്ടപ്പൻ, മന്ത്രകോട്ടിലിന്റെ വിഹിതമായ 6250 രൂപയിൽ ചെലവായ 279 രൂപ കിഴിച്ച് ബാക്കി 5971രൂപയും പ്രോജക്ട് ഓഫീസർ ഐ.സി.ഡി.പി. ആലുവയിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്. പദ്ധതി 2020 ജനവരി വരെ നീളുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിനു ശേഷം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും തുക വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-13 ക്ഷീരോത്പാദനം വർദ്ധിപ്പാക്കുവാനാവശ്യമായ പ്രോജക്ടുകൾ നടപ്പാക്കുന്നില്ല

പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ പാലുല്പാദനം വർദ്ധിപ്പാക്കാനാവശ്യമായ കറവയുള്ള പശു, എരുമ, പെണ്ണാട് എന്നിവ വാങ്ങുന്നതിന് സബ്സിഡി – പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. 2016-17, 2017-18 വർഷങ്ങളിലും മേൽ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. ക്ഷീരോത്പാദനം, മൃഗസംരക്ഷണം വർക്കിംഗ് ഗ്രൂപ്പിന്റെ 15.02.17 ലെ മീറ്റിംഗിൽ നൂറ് പേർക്ക് പെണ്ണാട് വിതരണം എന്ന പ്രോജക്ട് ഏറ്റെടുക്കുന്നതിനായി നിർദ്ദേശിച്ചിരുന്നുവെങ്കിലും 2017-18 വർഷം ഈ പ്രോജക്ട് നടപ്പാക്കിയില്ല. എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ ക്ഷീരകർഷകർ ഉള്ളതും ഏറ്റവും കൂടുതൽ പാലുൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതും മണീട് ഗ്രാമപഞ്ചായത്താണ്. ക്ഷീരമേഖലയിലെ പ്രോജക്ടുകൾക്ക് യൂണിറ്റ് കോസ്റ്റ് കൂടുതലായതിനാൽ ആനുപാതികമായി ഗുണഭോക്തൃ വിഹിതം കൂടുതലാണ്. തന്മൂലം മറ്റ് പഞ്ചായത്തുകളിൽ ഈ പ്രോജക്ട് നടപ്പാക്കുന്നതിനായി ഗുണഭോക്താക്കളെ കിട്ടാറില്ല. എന്നാൽ

363 ക്ഷീരകർഷകരുള്ള മണീട് പഞ്ചായത്തിൽ കന്നുകാലികളെ വളർത്തൽ പ്രധാന തൊഴിലായതിനാൽ, ഗുണഭോക്താക്കളെ കണ്ടെത്താൻ പ്രയാസമില്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

.

## 3-14 തെരുവ് വിളക്കുകളുടെ പരിപാലനം-കെ.എസ്.ഇ.ബിയിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിട്ടിയില്ല.

| | |
|---|---|
| പ്രോജക്ട്, പ്രോജക്ട് നമ്പർ | തെരുവ് വിളക്കുകൾ സ്ഥാപിയ്ക്കൽ, എസ്0002/18 |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരന് നൽകിയ തുക | 223540/- |
| ബിൽ നമ്പർ/തീയതി | 21/17-18,30.01.2018 |

ഭരണസമിതിയുടെ 30.10.2017 ലെ 1 (1എ) തീരുമാനപ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഇക്കോമെറ്റ് എനർജി സൊല്യൂഷൻസ്, പെരുമ്പാവൂർ എന്നവരുടെ വിളക്കൊന്നിന് 2130/- രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും 27.11.2017 ന് ഇത് സംബന്ധിച്ച് രണ്ട് വർഷക്കാലയളവിലേക്ക് മേൽ സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടുകയും ചെയ്തു. ഈ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കരാറുകാരനുമായി ഉണ്ടാക്കിയ കരാറിൽ എത്ര വിളക്കുകൾക്ക് അംഗീകൃത നിരക്കിൽ തുക നൽകാമെന്ന് പറയുന്നില്ല.

2) 20Wattsന്റെ 105 LED ബൾബ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഈ പ്രോജക്ടിൽ ഇക്കോമെറ്റ് എനർജി സൊല്യൂഷൻസ്, പെരുമ്പാവൂരിന്റെ 15.12.2017 ലെ ബിൽ പ്രകാരം 223540/-രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത വിളക്കുകൾ സ്ഥാപിച്ചതായി കെ.എസ്.ഇ.ബി.യിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

3) 27.11.2017 ന് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടും മുമ്പേ സംയുക്തപരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

4) 22.06.2016ലെ അസി.എഞ്ചിനീയർ,ഇലക്ട്രിക്കൽ സെക്ഷൻ,പിറവത്തിന്റെ റിപ്പോർട്ട് പ്രകാരം 176 എണ്ണം സാധാരണ ബൾബുകൾ ആണ്. ഈ വിളക്കുകളും ഒന്നിന് 2130/- രൂപ പ്രകാരം എ.എം.സി യിലുൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല

5) കരാറുകാരൻ 20Wattsന്റെ LED ബൾബുകൾ പരിശോധിച്ചതിന്റെ വിവരമല്ല ഹാജരാക്കിയിട്ടുള്ളത്. ചേലാട്ടുള്ള ഗവ.പോളിടെക്നിക്ക് കോളേജിലെ 23.01.2018 ലെ എ1-502/17 നമ്പർ പരിശോധന റിപ്പോർട്ട് പ്രകാരം 24Wattsന്റെ LED ബൾബ് പരിശോധിച്ചതിന്റെ വിവരമാണ് ഹാജരാക്കിയിട്ടുള്ളത്.

6) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 12.03.2013ലെ 65529/DC3/12 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതായി കാണുന്നില്ല.

7) തെരുവ് വിളക്കുകളുടെ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 44655/- രൂപ വീതവും തുടർന്ന് മെയ് 2017 മാസം മുതൽ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് താഴെ പട്ടികയിൽ പറയുന്ന പ്രകാരം പുതുക്കി നിശ്ചയിച്ചതായി കെ എസ് ഇ ബി അറിയിച്ചതനുസരിച്ച് പ്രതിമാസം 50899/- രൂപ വീതവും അടച്ചിട്ടുണ്ട് (ആകെ 649209/- രൂപ). 22.06.2016 ലെ കെ.എസ്.ഇ.ബി. പിറവം അസി.എഞ്ചിനീയറുടെ BB1/SL /PVM/2015-16 കത്ത് പ്രകാരം താഴെപ്പറയുന്ന സ്ട്രീറ്റ് ലൈറ്റുകളാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

.

| വിളക്കിന്റെ തരം | എണ്ണം |
|---|---|
| ഫ്ലൂറസന്റ് ട്യൂബ് | 118 |
| ഓർഡിനറി ബൾബ് | 176 |
| സി എഫ് എൽ(2x11watts) | 81 |
| സി എഫ് എൽ(1x18watts) | 100 |
| എസ് വി എൽ | 41 |

മേൽ പരാമർശിച്ച പ്രകാരം തെരുവ് വിളക്കുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് (സ. നം, 65529/ഡി സി 3/ ത.സ്വ.ഭ.വ. 12.03.13 ലെ നിർദ്ദേശ പ്രകാരം) വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. കെ.എസ്.ഇ.ബിയുടെ ബില്ല് വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യുടെ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ സംയുക്ത പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചു. കെ.എസ്.ഇ.ബി.യിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

.

## 3-15 അങ്കണവാടി പൂരകപോഷകാഹാരം- കേന്ദ്ര വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ അങ്കണവാടി പൂരകപോഷകാഹാരത്തിനായി കേന്ദ്ര വിഹിതമായി 2017-18 സാമ്പത്തിക വർഷം ₹544475 രൂപ വരവും മുന്നിരിപ്പ് 688550/-രൂപയും ഉൾപ്പെടെ 1233025/-രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ നിന്നും അനുപൂരക പോഷകാഹാര പരിപാടിയ്ക്കായി ₹554893 രൂപ ചെലവഴിച്ചിട്ടുണ്ട്. 678132/- രൂപ നീക്കിയിരുപ്പുണ്ട്. 03.09.2010 -ലെ സർക്കുലർ നം. 39033/ഡി.സി.2/2010 ത.സ്വ.ഭ.വ. പ്രകാരം അങ്കണവാടി പൂരകപോഷകാഹാരത്തിനായി കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക അവശേഷിക്കുന്നുവെങ്കിൽ അതുപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അവശേഷിക്കുന്ന തുക മേൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ- മാനദണ്ഡങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | S0055/2018 |
| പ്രോജക്ടിന്റെ പേര് | ഐ എസ് ഒ സർട്ടിഫിക്കേഷൻ |
| അടങ്കൽ | 25000 |
| ചെലവ് തുക | 25000 (വികസന ഫണ്ട്-ജനറൽ) |
| വൗച്ചർ നം/തീയതി | 1)21700279/11.07.17-10,000<br>2)21700286/14.07.17-15,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തീയതി 29.1.2015 പ്രകാരം പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് പ്രാരംഭമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും എല്ലാ വിഭാഗത്തിലുള്ള ജീവനക്കാരെയും ഉൾപ്പെടുത്തി ക്വാളിറ്റി സർക്കിൾ രൂപീകരിച്ച് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുക, നിയോഗിക്കുക, ആശയ സ്വാംശീകരണത്തിനായി ജീവനക്കാർക്ക് പരിശീലനം നൽകുക, ഗുണമേന്മാനയരൂപീകരണം, അവസ്ഥാ വിശകലനം, ഗുണമേന്മാ നയരേഖ തയ്യാറാക്കൽ, ലക്ഷ്യങ്ങൾ നിർണ്ണയിക്കൽ, ഗുണമേന്മാ മാന്വൽ തയ്യാറാക്കുക, കർമ്മ പരിപാടി തയ്യാറാക്കുക എന്നീ പ്രാരംഭ നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്. തുടർന്നുള്ള ഘട്ടത്തിൽ ഫ്രെയിം വർക്ക് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഓഫീസ്, ഫ്രണ്ട് ഓഫീസ്, പൊതുജന സൗകര്യങ്ങൾ എന്നിവയുടെ സജ്ജീകരണം, ബോർഡുകൾ, റെക്കോർഡ് മാനേജ്മെന്റ്, ഇ – ഗവേർണൻസ്, മോണിറ്ററിംഗ് പ്രവൃത്തികൾ, ഗുണമേന്മാ ഓഡിറ്റ് എന്നിവ പൂർത്തിയാക്കേണ്ടതും പിന്നീട് സർട്ടിഫിക്കേഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അപ്രകാരം പദ്ധതി ആവിഷ്കരിച്ച് ഘട്ടമായി നടപ്പാക്കാതെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രോജക്ടിന്റെ ഭാഗമായി 2017-18 ൽ ഗ്രാമപഞ്ചായത്തിലെ ഐ എസ് ഒ തുടർപ്രവർത്തനങ്ങളുടെ ഭാഗമെന്ന നിലയിൽ ഫീസിനത്തിൽ ഗ്ലോബൽ ക്വാളിറ്റി കൺസൽട്ടന്റ്സ്, ഇടപ്പിള്ളി, കൊച്ചി എന്ന സ്ഥാപനത്തിന് 10000/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ സർവൈലൻസ് ഓഡിറ്റ് ഫീസായി M/s.സ്വിസ് സെർട്ട് (പ്രൈവറ്റ്)ലിമിറ്റഡ്, ന്യൂഡൽഹി എന്ന സ്ഥാപനത്തിന് 15000/- രൂപയും നൽകിയിരുന്നു. സേവന ഗുണമേൻമയെന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തുകളിലെ പൗരൻമാർക്ക് തൃപ്തികരവും കാലവിളംബമില്ലാതെയും സേവനം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കേണ്ടതുണ്ട്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ കൃത്യമായും, കാലവിളംബം കൂടാതെയും നൽകുന്നതായി അറിയിച്ചു. എന്നാൽ പരിശോധനയിൽ സേവനങ്ങൾ നൽകുന്നതിൽ ചില പോരായ്മകൾ വന്നിട്ടുള്ളതായി കാണുന്നു. ആയതിനാൽ മാർഗ്ഗരേഖ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണ്. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് അധികൃതരുടെയും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും ഭാഗത്ത് നിന്നു ക്രിയാത്മക നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതും ഗ്രാമപഞ്ചായത്തിലെ പൗരന്മാർക്ക് സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-17 <u>കുടിവെള്ള വിതരണം - നടപടി ക്രമങ്ങൾ പാലിച്ചില്ല</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | S003/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ നമ്പർ/തീയതി | 21700470/22.09.2017 |
| ആകെ നൽകിയ തുക | 218889/- |

മണീട് ഗ്രാമപഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ ടാങ്കറിൽ കുടിവെള്ളം എത്തിച്ചു വിതരണം ചെയ്യുന്നതിനായി വൗച്ചർ നം 21700470/22.09.2017പ്രകാരം ₹218889 രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 09.03.2017ലെ സ.ഉ(സാധാ)662/17ത.സ്വ.ഭ.വ നം ഉത്തരവും, എറണാകുളം ജില്ലാ കളക്ടറുടെ 08.03.2017 ലെ ഡി2/107053/2017 നം ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് മേൽ പ്രവൃത്തി പഞ്ചായത്ത് നടത്തിയിട്ടുള്ളത്. ഭരണസമിതിയുടെ 24.04.2017ലെ6(6)നമ്പർ തീരുമാന പ്രകാരം ഒരു ടാങ്കറിന് 1100/-രൂപയുടെ ടെണ്ടർ അംഗീകരിച്ചു. കരാറുകാരൻ 24.04.2017 മുതൽ 31.05.2017 വരെ 201ടാങ്കർ കുടിവെള്ളം വിതരണം ചെയ്തതായി കാണിച്ചു വാഹന ഉടമ/ കോൺട്രാക്ടർ, സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ തനതു ഫണ്ടിൽ നിന്നും പഞ്ചായത്ത് തുക അനുവദിക്കുകയും ചെയ്തു .

പഞ്ചായത്ത് നിശ്ചയിച്ച സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാമെന്ന് സമ്മതിച്ച് കൊണ്ടുള്ള എഗ്രിമെന്റ്, ജി.പി.എസ് ഡാറ്റ, ട്രിപ്പ് ഷീറ്റ്, വാട്ടർ അതോറിറ്റി ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്നും കുടിവെള്ളം ശേഖരിച്ചതിന്റെ തീയതിയും അളവും കാണിക്കുന്ന പട്ടിക എന്നിവ ഒത്തുനോക്കി ഉറപ്പുവരുത്തി മാത്രമേ വാഹന ഉടമ/ കോൺട്രാക്ടർക്ക് തുക വിതരണം ചെയ്യാവൂ എന്ന് എറണാകുളം ജില്ലാ കളക്ടറുടെ മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് നിശ്ചയിച്ച സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം

ചെയ്യാമെന്ന് സമ്മതിച്ച് കൊണ്ടുള്ള എഗ്രിമെന്റ്, ജി.പി.എസ് ഡാറ്റ, വാട്ടർ അതോറിറ്റി ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തതിന്റെ തീയതിയും അളവും കാണിക്കുന്ന പട്ടിക എന്നിവ ഹാജരാക്കാതെ വാഹന ഉടമ/ കോൺട്രാക്ടർക്ക് തുക അനുവദിച്ചതായാണ് കാണുന്നത്. മേൽകാണിച്ച അപാകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ശരിയായ സ്രോതസ്സിൽ നിന്നുമാണ് കുടിവെള്ളം ശേഖരിച്ചതെന്നും ആവശ്യമായ പരിശോധനകൾക്കും ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ പൂർണ്ണമായ ഉത്തരവാദിത്വത്തിലുമാണ് വിതരണം ചെയ്യുന്നതെന്നും വിശദീകരിച്ചു.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം വേനൽക്കാലത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പഞ്ചായത്ത് തുടർവർഷങ്ങളിൽ ഈ സാഹചര്യം മറികടക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയില്ല.വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ നിരവധി പദ്ധതികളെക്കുറിച്ച് നിർദ്ദേശങ്ങൾ ഉയർന്നു വന്നെങ്കിലും അതൊന്നും പ്രാവർത്തികമായിട്ടില്ല. ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പഞ്ചായത്തിലെ വേനൽക്കാലത്തെ കുടിവെള്ള ക്ഷാമത്തെക്കുറിച്ച് തീരുമാനങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടായിട്ടില്ല. കുടിവെള്ളപ്രശ്നം അതിരൂക്ഷമായ പ്രദേശങ്ങൾ തെരഞ്ഞെടുത്ത് അത് മറികടക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയില്ലെങ്കിൽ തുടർവർഷങ്ങളിലും ഇതുപോലെ ഭീമമായ തുക കുടിവെള്ളവിതരണത്തിനായി ചെലവഴിക്കേണ്ടി വരും. മേൽ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി പിൻവലിച്ചു

ജി ഒ(പി) നം. 7/2016/ഫിൻ തീയതി 20.01.2016 നമ്പർ ഉത്തരവ് പ്രകാരം 01.07.2014 പ്രാബല്യത്തിൽ ശമ്പളം പരിഷ്കരിച്ചതിനെ തുടർന്ന് ജീവനക്കാർക്ക് അർഹമായ ശമ്പള കുടിശ്ശിക(01.07.2014 മുതൽ 01.01.2016 വരെ) നാലു ഗഡുക്കളായി 01.04.2017, 01.10.2017, 01.04.2018, 01.10.2018 തീയതികളിൽ പണമായി ജീവനക്കാർക്ക് അനുവദിക്കുന്നതാണെന്ന് പറഞ്ഞിരുന്നു. എന്നാൽ 01.04.2017, 01.10.2017 തീയതികളിൽ പണമായി ശമ്പള പരിഷ്കരണ കുടിശ്ശിക പിൻവലിച്ചിട്ടുണ്ടെങ്കിൽ ആയത് പ്രോവിഡന്റ് ഫണ്ടിൽ തിരിച്ചടക്കണമെന്ന് ജി ഒ(പി) 45/2017/ഫിൻ തീയതി 09.04.2017, ജി ഒ (പി) നമ്പർ 128/2017/ഫിൻ തീയതി 06.10.2017 നമ്പർ സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നു. 31.10.2017 നുള്ളിൽ ജി ഒ (പി) നമ്പർ 128/2017/ഫിൻ തീയതി 06.10.2017നമ്പർ ഉത്തരവിലെ നിർദ്ദേശം പാലിക്കാത്ത ജീവനക്കാരിൽ നിന്നും തുക തിരിച്ചടക്കുന്ന കാലയളവു വരെ 12% പിഴപ്പലിശ ഈടാക്കാനും നിർദ്ദേശം ഉണ്ടായിരുന്നു. ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് ഒന്നാം ഗഡു പണമായി നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ/തീയതി | ജീവനക്കാരന്റെ പേര്,തസ്തിക | നൽകിയ തുക |
|---|---|---|---|
| 1 | 21700021/17-18 /01.04.2017 | ശ്രീ മനോജ് കുമാർ, അക്കൌണ്ടന്റ് | 27436 |
| 2 | | ശ്രീമതി ഇ എൻ ശ്രീലേഖ, സീനിയർ ക്ലാർക്ക് | 12427 |
| 3 | | ശ്രീ ഷാജി വി ആർ, ക്ലാർക്ക് | 24787 |
| 4 | | ശ്രീ അശോകൻ ടി പി, ക്ലാർക്ക് | 19120 |
| 5 | | ശ്രീമതി ഷീമ കെ ആർ, ക്ലാർക്ക് | 15375 |
| 6 | | ശ്രീ അനൂപ് പൌലോസ്, ഓഫീസ് അറ്റന്റന്റ് | 22113 |
| 7 | 21700028/17-18 /10.04.2017 | ശ്രീമതി ജിഷ കാതറീൻ, ഹെഡ് ക്ലാർക്ക് | 23642 |
| 8 | | ശ്രീ ബ്രജീവ് നാരായണൻ പി,സീനിയർ ക്ലാർക്ക് | 20652 |
| 9 | 21700022/17-18 /01.04.2017 | ശ്രീമതി രാധ എ എ, പി ടി എസ് | 7828 |

ജീവനക്കാർ കൈപ്പറ്റിയ ശമ്പള പരിഷ്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃമായി തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19 തൊഴിൽ രഹിത വേതനം സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ 65 ഗുണഭോക്താക്കൾ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്നുണ്ട്. ജി.ഒ.(പി) 23/98/തൊഴിൽ തീയതി, 28-5-1998 പ്രകാരം പ്രതിവർഷ വരുമാനം 12000 രൂപയിൽ അധികരിച്ചാൽ തൊഴിൽ രഹിത വേതനത്തിന് അർഹതയില്ല. നിലവിൽ തൊഴിൽചെയ്യാൻ സന്നദ്ധരായ എല്ലാവർക്കും തൊഴിൽ ലഭ്യമാക്കാനുതകുന്ന വിധത്തിൽ തൊഴിലുറപ്പ് പദ്ധതിയടക്കമുള്ള നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. എന്നിരുന്നിട്ടും പ്രതിമാസം 1000 രൂപ വരുമാനമില്ലാത്ത 65 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിലുണ്ടെന്നതിലെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ജോലിചെയ്യാൻ മറ്റുവിധത്തിൽ അവശതയുള്ള വിഭാഗങ്ങൾക്ക് അവർക്കർഹമായ പെൻഷനും ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താക്കളുടെ വേതനത്തിനുള്ള അർഹത വ്യക്തമായി പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ, ഗ്രാമപഞ്ചായത്ത് കമ്മിറ്റി തൊഴിൽരഹിതവേതനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-20 വിനിയോഗ വിവരം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | ബിൽ നം/ തീയതി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| ഐ കെ എം | ഐ കെ എം വിഹിതം അടയ്ക്കൽ/ S0054/18 | 04/17-18/ 12.07.17 | 19280 |
| കേരള വാട്ടർ അതോറിറ്റി | ഹോമിയോ ആശുപത്രിയ്ക്ക് വാട്ടർകണക്ഷൻ/S0052/18 | 12/17-18/ 28.09.17 | 24000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ അങ്കണവാടികൾക്ക് വാട്ടർകണക്ഷൻ/S0053/18 | 14/17-18 /26.10.17 | 170000 |
| കെ എസ് ഇ ബി | ചേറ്റൂർപ്പടി-ഓട്ടുകമ്പനിപ്പടി റോഡ് സ്ട്രീറ്റ് മെയ്ൻ വലിയ്ക്കൽ/S0004/18 | 5/17-18/ 15.07.17 | 299460 |
| | ആകെ | | 512740 |

പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതു വരെ 512740/-രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു.

## 3-21 മരുന്നുവാങ്ങൽ - തുക മുൻകൂർ അടവാക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം | : | എസ്0063/18 |
| പ്രോജക്ടിന്റെ പേര് | : | മരുന്ന് വാങ്ങൽ - അലോപ്പതി |

| | | |
|---|---|---|
| അടങ്കൽ | : | 250000/- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ചെലവ് വിവരം | : | 30000/- ബിൽ നം.7/17-18/ 28.11.17<br>174150/- ബിൽ നം.11/17-18/ 17.2.18<br>45850/- ബിൽ നം.15/17-18/ 20.3.18<br>250000/- |

കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ശേഖര രഹിത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈക്കോ മാവേലി മെഡിക്കൽസിൽ നിന്നും മരുന്നുകൾ നേരിട്ടുവാങ്ങുന്നതിനായും സ.ഉ.(സാധാ) 876/2013/ത.സ്വ.ഭ.വ./30.3.2013-ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിന് തുക മുൻകൂർ നൽകുന്നതിനുമായിട്ടാണ് തുക വിനിയോഗിച്ചിട്ടുള്ളത്. സപ്ലൈക്കോയിൽ നിന്നുള്ള മരുന്നുകൾ യഥാസമയം ലഭിക്കുകയും ആയവ സ്റ്റോക്കിൽ ചേർക്കുകയും ചെയ്തിട്ടുണ്ടെങ്കിലും കെ.എം.എസ്.സി. ലിമിറ്റഡിൽ നിന്നും, മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമായതായി കാണുന്നില്ല. പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക പിൻവലിച്ച് മുൻകൂറായി നൽകിയിട്ടുള്ളത്. മുൻകൂർ നൽകിയ തുകകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് | തുക | ബിൽ നം. |
|---|---|---|
| PRF 3207/22.12.2017 | 40162 | 11/17-18/17.2.2018 |
| PRF 796/22.12.2017 | 109838 | |
| ആകെ | 150000 | |
| PRF 1693/10.3.2018 | 8271 | 15/17-18/20.3.2018 |
| PRF 4813/10.3.2018 | 37579 | |
| ആകെ | 45850 | |

മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ മറുപടിയോ രേഖകളോ ഹാജരാക്കാത്ത സാഹചര്യത്തിൽ 195850/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നിർവ്വഹണം മോണിറ്ററിങ്ങിന് വിധേയമാക്കിയിട്ടില്ല: മരുന്നുവാങ്ങുന്നതിനായി മുൻകൂർ പണം അടച്ച് എട്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല എന്നത് ഖേദകരമാണ്. ഈ കാലയളവിൽ ആശുപത്രിയിൽ ആവശ്യത്തിന് മരുന്ന് ലഭ്യമായിരുന്നോ, മരുന്ന് ലഭിക്കുവാനുള്ള കാലതാമസം എന്തെന്നോ ഉടങ്ങിയ കാര്യങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പണം ചെലവഴിച്ച കഴിഞ്ഞാൽ ചെലവിന്റെ ലക്ഷ്യം നിറവേറ്റപ്പെടുന്നുണ്ടോ എന്ന് മോണിറ്ററിങ്ങ് കമ്മറ്റിയോ സ്റ്റാന്റിങ്ങ് കമ്മറ്റികളോ വിലയിരുത്തുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാൽ ഇൻസെന്റീവ്,51/18 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് | 250000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ്,09/18 | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 137690 | പവ്വർ ടില്ലർ വാങ്ങൽ,122/18 | 137690 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 09/18 | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1211250 | സമഗ്രനെൽകൃഷി വികസനം,16/18 | 1211250 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 5127595 | ലൈഫ് ഭവന പദ്ധതി ധനസഹായം(ജനറൽ) | - | 5127595 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2882868 | ലൈഫ് ഭവന പദ്ധതി ധനസഹായം(എസ് സി പി) | - | 2882868 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ തീയതി | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 1)ഹോമിയോ ആശുപത്രിയ്ക്ക് വാട്ടർ കണക്ഷൻ, 2)വിവിധ അങ്കണവാടി കൾക്ക് വാട്ടർ കണക്ഷൻ 52/18,53/18 | 1)12/17-18, 28.09.17, 2)14/17-18, 26.10.17 | 194000 | 194000 | 0 |
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ, 4/18 | 5/17-18, 15.07.17 | 299460 | 299460 | 0 |

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാ രംഭത്തിൽ | തൻവർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തുക | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ.ഉ.നം.564/10/ത.സ്വ.ഭ.വ./ 22.2.2010 | 4513270 | 1028728 | 371513 | 0 | 657215 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,00,000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 8,875 |
| ആകെ | 1,08,875 |
| തന്നാണ്ടിൽ പിൻവലിച്ച തുക (പലിശ) | 8,875 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | രസീത് നം. | തുക |
|---|---|---|---|
| 1 | മണീട് സർവ്വീസ് സഹകരണ ബാങ്ക് | 62847/ 19.4.2017 | 50,000 |
| 2 | മണീട് സർവ്വീസ് സഹകരണ ബാങ്ക് | 67166/ 6.2.2017 | 50,000 |
| ആകെ | | | 1,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 4054/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2008-09 | 3-5 | 2411 | ശ്രീമതി പ്രീത, അസി.എഞ്ചിനിയർ | 117030101390/ 25.10.17 |
| 2014-15 | 3-3 | 1643 | ശ്രീ വി.കെ.വൽസലൻ, സെക്രട്ടറി | 11603101277/ 19.06.17 |
| ആകെ | | 4054 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2011-12 & 2012-13 | 2014-15 | 4.1.10 | നിഷ്ക്രിയആസ്തി - പകൽ വീട് | പ്രവർത്തന സജ്ജമായിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61700967.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54228252.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40230.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 818190.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 3681 | U.Kസുരേന്ദ്രൻ, സെക്രട്ടറി |
| 3-6 | | 22000 | മാഘ്ന T.K, അസി.എഞ്ചിനിയർ |
| 3-7 | | 7616 | മാഘ്ന .T.K, അസി.എഞ്ചിനിയർ |
| 3-8 | | 6933 | മാഘ്ന.T.K , അസി.എഞ്ചിനിയർ |
| | | 40230 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 109600 | മോളി കെ.എം, എച്ച് .എം. GUPS |
| 3-20 | 512740 | യു.കെ സുരേന്ദ്രൻ,സെക്രട്ടറി |
| 3-21 | 195850 | ഡോ.അഞ്ജന എം.എ.<br>മെഡിക്കൽ ഓഫീസർ , പി.എച്ച് .സി |
| | **818190** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം 3-10 1835/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| യു.കെ.സുരേന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി, മണീട് ഗ്രാമപഞ്ചായത്ത് | ഉപ്പൂട്ടിപ്പറമ്പിൽ കുലയറ്റിക്കര പി.ഒ. ആമ്പല്ലൂർ |
| മാഘ്ല T.K, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ | മാഘ്ദിർ തോട്ടുക്കാട്ടുകര പി.ഒ ആലുവ |
| മോളി.കെ.എം, ഹെഡ്മിസ്ട്രസ്, ഗവ. യു. പി സ്കൂൾ | ഹെഡ്മിസ്ട്രസ്, ഗവ. യു.പിസ്കൂൾ ഏഴക്കരനാട് | തോട്ടത്തിൽ ഒലിയപ്പുറം പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 & 1993-94 | എൽ.എഫ്.ഇ.(പി2)1125/96 തി.31.5.97 | 31 |
| 1994-95 | എൽ.എഫ്.ഇ.(പി9) 826/13 തി.16.8.13 | 4 |
| 1995-96 | എൽ.എഫ്.ഇ.(പി9) 826/13 തി.16.8.13 | 1 |
| 1997-98 | എൽ.എഫ്.ഇ.(പി9) 781/15 തി.28.9.15 | 4 |
| 1998-99 | എൽ.എഫ്.ഇ.(പി9) 781/15 തി.28.9.15 | 2 |
| 1999-2000 | എൽ.എഫ്.ഇ.(പി9) 781/15 തി.28.9.15 | 1 |
| 2000-01 | എൽ.എഫ്.ഇ. (പി1)1730/07 തി. 07.09.09 | 12 |
| 2002-03 | എൽ.എഫ്.8718/ Spl.Cell/ SC/C.3/08 തി. 30.4.12 | 5 |
| 2004-05 | എൽ.എഫ്.ഇ.(പി9) 2180/13 തി.10.12.13 | 17 |
| 2005-06 | എൽ.എഫ്.ഇ.(പി9)1905/13 തി.24.03.14 | 8 |
| 2006-07 | എൽ.എഫ്.ഇ.(പി9)1357/12 തി.11.09.12 | 9 |
| 2007-08 | എൽ.എഫ്.ഇ.(പി9)1359/12 തി.06.10.12 | 7 |
| 2008-09 | എൽ.എഫ്.ഇ.(പി9)1360/12 തി.06.10.12 | 1 |
| 2009-10 | എൽ.എഫ്.ഇ.(പി9)1361/12 / 06.10.12 | 2 |
| 2010-11 | എൽ.എഫ്.18961/ Spl.Cell/ CSC/C2 /12 തി.08.04.14 | 8 |
| 2011-12 & 2012-13 | കെ.എസ്.എ 8738/Spl.Cell /CSC/C2/15 തി. 07.10.15 | 5 |
| 2013-14 & 2014-15 | കെ.എസ്.എ. ഇ.കെ.എം(പി.9) 979 /2016 / 27.6.2016 | 7 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി.6) 901 /2016 / 30.11.2016 | 6 |
| 2016-17 | നം.കെ.എസ്.എ.- ഇകെഎം(പി6)1645/2017 ,14.09.2017 | 5 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

**അനുബന്ധം - 1**

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2017-18

നം.കെ.എസ്.എ.-ഇകെഎം(പി6)2340/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 08.03.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) [2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മണീട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3) പഞ്ചായത്ത് നൽകിയിട്ടുള്ളതും, 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളെ ' liability in respect of stale cheques' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല.